## പതിമുന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3405** 09/04/2013 ൽ മറുപടിയ്ക്ക്

## റീ-സർവ്വേ പ്രകാരമുള്ള കൈവശാവകാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ പാലോട് വില്ലേജിൽ സർവ്വേ നമ്പർ 1156/1-4, 1156/1-5-2 പ്രകാരമുള്ള വസ്തു കഴിഞ്ഞ 30 വർഷങ്ങളായി കരം അടച്ച് കൈവശം വച്ച് ആദായം അനുഭവിക്കുന്ന വ്യക്തി ആരാണ് എന്ന് വ്യക്തമാക്കുമോ; | (എ) പാലോട് വില്ലേജ് സർവ്വേ 1156/1-4 ൽ പ്പെട്ട 17 സെന്റ് ഭൂമി ശ്രീമതി. ലക്ഷ്മി കൗസല്യ എന്നയാളും 19 സെന്റ് ഭൂമി വിജയകുമാരി മകൾ ജ്യോതിപ്രിയ എന്നയാളും 30 വർഷമായി കൈവശം വച്ച് അനുഭവിക്കുന്നതായി വില്ലേജ് രേഖകളിൽ കാണുന്നു. സർവെ 1156/1-5-2 ൽ പ്പെട്ട 16 സെന്റ്ഭൂമി ലക്ഷ്മി കൗസല്യ പേരിലും കാണുന്നു. |
| (ബി) ഈ വസ്തുവിന്റെ സ്കെച്ചും പ്ലാനും ലൊക്കേഷൻ മാപ്പും ലഭ്യമാക്കുമോ; | (ബി) പാലോട് വില്ലേജിൽ റീസർവ്വേ നിലവിൽ വരാത്ത സാഹചര്യത്തിൽ സ്കെച്ചും പ്ലാനും ലഭ്യമല്ല. ലൊക്കേഷൻ സ്കെച്ച് അനുബന്ധമായി ചേർക്കുന്നു. എഫ്.എം.ബി ലഭ്യമല്ലാത്തതിനാൽ സ്ഥലത്തിന്റെ കൃത്യമായ സ്ഥാനം നിർണ്ണയിക്കാനായിട്ടില്ല. |
| (സി) ഈ വസ്തുവിന്റെ തണ്ടപ്പേർ ആരുടെ പേർക്കാണ് എന്ന് വ്യക്തമാക്കുമോ; | (സി) ടി സർവ്വെ നമ്പരുകളിൽപ്പെട്ട വസ്തു റ്റി 9753-ാം നമ്പർ തണ്ടപ്പേർ പ്രകാരം ലക്ഷ്മി കൗസല്യ പേരിലും, റ്റി. 20768-ാം നമ്പർ തണ്ടപ്പേർ പ്രകാരം ജ്യോതിപ്രിയ പേരിലും കാണുന്നു. |
| (ഡി) ടിയാന്റെ പേരിൽ എത്ര സെന്റ് വസ്തു കൈവശം ഉണ്ട് എന്ന് വ്യക്തമാക്കുമോ; | (ഡി) വില്ലേജ് രേഖകൾ പ്രകാരം ലക്ഷ്മി കൗസല്യ പേരിൽ 33 സെന്റ് ഭൂമിയും ജ്യോതിപ്രിയ പേരിൽ 1.02 ഏക്കർ ഭൂമിയും കൈവശത്തിലുണ്ട്. |
| (ഇ) റീ-സർവ്വേ പ്രകാരം ഇപ്പോൾ ഈ വസ്തു കരം അടച്ച് കൈവശം വച്ച് ആദായം അനുഭവിക്കുന്ന വ്യക്തി ആരാണ് എന്ന് വ്യക്തമാക്കുമോ? | (ഇ) പാലോട് വില്ലേജിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. വില്ലേജ് രേഖകൾ പ്രകാരം ലക്ഷ്മി കൗസല്യ, ജ്യോതിപ്രിയ എന്നിവരാണ് ടി വസ്തുക്കൾ കരം അടച്ച് അനുഭവിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

# LOCATION MAP

SY No : 1156/1-4,
1156/1-5-2



വില്ലേജ് ഓഫീസർ
പാറശ്ശാല